"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1260/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 06-02-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**നോട്ടീസ്**

വിഷയം: വനിത ശിശുവികസന വകുപ്പ്- ജീവനക്കാര്യം - ശ്രീമതി ബിഷാര എൻ ബി, സൂപ്പർവൈസർ, കൊച്ചി അർബൻ 1 - അനധികൃതാവധി - അച്ചടക്ക നടപടി തീർപ്പാക്കുന്നത് സംബന്ധിച്ച്:-

സൂചന: 1) സ.ഉ(സാധാ)നം.13/2006/സാക്ഷേവ തീയതി. 05.01.2006

2) സ.ഉ(സാധാ)നം.138/2011/സാക്ഷേവ തീയതി. 23.03.2011

3) സാമൂഹ്യനീതി ഡയറക്ടറുടെ 15.10.2015 ലെ ഇ12-31001/15 നം. ഉത്തരവ്

4) സ.ഉ(അ)നം.152/2020/ധന തീയതി. 05.11.2020

5) ധനകാര്യ വകുപ്പിന്റെ 30.12.2020 ലെ 83/2020/ധന നം. സർക്കുലർ

6) ഈ കാര്യാലയത്തിലെ 10.03.2021 ലെ WCD-E5/5908/2021 നം. നോട്ടീസ്

7) ഈ കാര്യാലയത്തിലെ 05.08.2021 ലെ WCD-E5/5908/2021 നം. കുറ്റപത്രം

8) ഈ കാര്യാലയത്തിലെ 01.06.2022 ലെ ഇ5/5908/2021 നം. നോട്ടീസ്

9) ഈ കാര്യാലയത്തിലെ 13.10.2023 ലെ ഇതേ നം. ഉത്തരവ്

10) വനിത ശിശു വികസന വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30.11.2023 ലെ അന്വേഷണ വിചാരണ റിപ്പോർട്ട്

11) ഈ കാര്യാലയത്തിലെ 22.12.2023 ലെ ഇതേ നമ്പർ കത്ത്

വനിത ശിശു വികസന വകുപ്പിനു കീഴിൽ കൊച്ചി അർബൻ 1 ഐ സി ഡി എസിൽ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന താങ്കൾക്ക് വിദേശത്ത് ജോലിയുള്ള ഭർത്താവിനോടൊപ്പം കഴിയുന്നതിനായി കെ എസ് ആർ ഭാഗം-1, അനുബന്ധം 12 C യിലെ നിബന്ധനകൾക്ക് വിധേയമായി 23.02.2006 മുതൽ 22.02.2011 വരെയും തുടർന്ന് 23.02.2016 മുതൽ 22.02.2021 വരെയും സൂചന (1), (2), (3) എന്നിവ പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു. 23.02.2021 മുതൽ വീണ്ടും 5 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സൂചന (4)

പ്രകാരമുള്ള സർക്കാർ ഉത്തരവിലേയും സൂചന (5) പ്രകാരമുള്ള സർക്കുലറിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താങ്കൾക്ക് അവധി ദീർഘിപ്പിച്ചു നൽകുവാൻ കഴിയില്ല എന്നും അവധി കാലയളവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കണമെന്നും നിയമനാധികാരി താങ്കളോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് അനധികൃതമായി അവധിയിൽ തുടരുന്ന താങ്കൾ 7 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിച്ച് അച്ചടക്ക നടപടി നേരിടുവാൻ തയ്യാറാകണമെന്ന് അറിയിച്ചുകൊണ്ട് നിയമനാധികാരി സൂചന (6) പ്രകാരം താങ്കൾക്ക് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത നോട്ടീസ് താങ്കൾ കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. 23.02.2021 മുതൽ അനധികൃതമായി അവധിയിൽ തുടരുകയും നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുക വഴി താങ്കൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്ന സാഹചര്യത്തിൽ അനധികൃതമായി തുടരുന്ന താങ്കളെ ചട്ടപ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് സൂചന (7) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചു. എന്നാൽ പ്രസ്തുത കുറ്റപത്രവും താങ്കൾ കൈപ്പറ്റിയിരുന്നില്ല.

വകുപ്പ് നൽകിയ നോട്ടീസ്, കുറ്റപത്രം എന്നിവ താങ്കളുടെ അഡ്രസ്സിലും, വിദേശത്തെ അഡ്രസ്സിലും നൽകിയിരുന്നുവെങ്കിലും ആയത് കൈപ്പറ്റാതെ അനധികൃതമായി അവധിയിൽ തുടരുന്ന താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് താങ്കൾക്ക് ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള അനുബന്ധം എച്ച് -4 നോട്ടീസ് സൂചന (8) പ്രകാരം നൽകുകയും ആയത് വിൻഡോ മാതൃകയിൽ പത്രത്തിലും കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

താങ്കൾക്കെതിരെയുള്ള വകുപ്പുതല നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള അന്വേഷണ വിചാരണ നടത്തുന്നതിന് വനിത ശിശു വികസന ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ സൂചന (9) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം അന്വേഷണം നടത്തിയ വേളയിൽ രേഖാമൂലം കത്ത് നൽകിയിരുന്നിട്ടും താങ്കളോ മറ്റ് പ്രതിനിധികൾ ആരുംതന്നെയോ ഹാജരായിരുന്നില്ല. താങ്കൾ വിദേശത്ത് ജോലി ചെയ്തുവരികയാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ICDS സൂപ്പർവൈസറായ താങ്കൾ സർക്കാർ / നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിട്ടുള്ള സാഹചര്യത്തിൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് എന്ന് അന്വേഷണ ഉദ്യോഗസ്ഥ സൂചന (10) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

തുടർന്ന്, താങ്കളെ വകുപ്പ് മേധാവി 04.01.2024 തീയതിയിൽ നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും ടി വിവരം അറിയിച്ച് സൂചന (11) പ്രകാരമുള്ള കത്ത് താങ്കൾക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കത്ത് താങ്കൾ കൈപ്പറ്റാതെ മടങ്ങി വരികയുണ്ടായി.

23.02.2006 മുതൽ 22.02.2021 വരെ തുടർച്ചയായി ശൂന്യവേതനാവധിയിലായിരുന്ന താങ്കൾ 23.02.2021 മുതൽ വീണ്ടും അഞ്ച് വർഷത്തേയ്ക്ക്

ശൂന്യവേതനാവധി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് സർക്കാർ നിരസിക്കുകയും അവധികാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന് താങ്കൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കുകയോ ചെയ്യാതിരുന്നത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമായി കാണുന്നു.

ഈ സാഹചര്യത്തിൽ താങ്കൾ നിയമനാധികാരിയുടെ നിർദ്ദേശം പാലിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് ഗുരുതരമായ കൃത്യവിലോപമായി കണ്ട് താങ്കൾക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (1) (vii) പ്രകാരം താങ്കളെ സർക്കാർ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത് തീർപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിയ്ക്കുവാനുള്ള പക്ഷം ആയത് ഈ അറിയിപ്പ് കൈപ്പറ്റി **15** ദിവസത്തിനകം ഈ കാര്യാലയത്തിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കകം മറുപടി ലഭ്യമാകാത്ത പക്ഷം പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണ്.

HARITHA V KUMAR
വനിത ശിശു വികസന ഡയറക്ടർ

**Signed by Haritha V Kumar**
**Date: 07-02-2024 13:09:38**

ശ്രീമതി ബിഷാര എൻ ബി,

ഹൗസ് നമ്പർ 3/537,

നാരോത്തുങ്കൽ ഹൗസ്, മട്ടാഞ്ചേരി

കൊച്ചി-682002

(നോട്ടീസിന്റെ രണ്ട് പകർപ്പുകൾ അയയ്ക്കുന്നു. ആയതിൽ ഒന്നിൽ താങ്കളുടെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്.)

ഉള്ളടക്കം : സൂചന (10) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്